2024
MARCH
29
FRIDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

**ഇന്ന് ദുഃഖ വെള്ളി**



ക്രിസ്തുവിൻെറ പീഢാസഹനത്തിൻറെ ഓർമ പുതുക്കി ഇന്ന് ദുഖവെള്ളി. ക്രിസ്തുവിൻറെ സ്നേഹത്തിൻറെയും ത്യാഗത്തിൻറെയും അനുസ്മരണമായി ക്രൈസ്തവർ ഇന്ന് ദുഖവെള്ളി ആചരിക്കുന്നു. ബൈബിളിലെ സമാന്തര സുവിശേഷങ്ങളിലെ തീവ്രവേദനയുടെ അധ്യായങ്ങളെ ആസ്പദമാക്കിയാണ് ദുഖവെള്ളി ആചരണം ക്രൈസ്തവർ ക്രമീകരിച്ചിരിക്കുന്നത്. .

പീലാത്തോസിൻറെ അരമനയിലെ വിചാരണ മുതൽ യേശുവിൻറെ മൃതദേഹം കല്ലറയിൽ അടക്കുന്നത് വരെയുള്ള സംഭവങ്ങളാണ് ദുഖവെള്ളി ആചരണം. ഗാഗുൽത്താ മലയിൽ കുരിശിൽ തറക്കപ്പെട്ട യേശുക്രിസ്തു മൂന്നാംദിനം ഉയിർത്തെഴുന്നേറ്റുവെന്നാണു വിശ്വാസം. ദേവാലയങ്ങളിൽ ദുഃഖവെള്ളിയോടനുബന്ധിച്ചു പ്രത്യേക പ്രാർഥനാ ചടങ്ങുകൾ നടക്കും. പീഡാനുഭവത്തിലെ 14 സംഭവങ്ങൾ അനുസ്മരിക്കുന്ന കുരിശിൻെറവഴിയാണു ഇന്നത്തെ പ്രധാന ചടങ്ങ്.

## കേജരിവാളിൻറെ അറസ്റ്റിൽ വീണ്ടും അമേരിക്ക

## ഇന്ത്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുതെന്ന് ശക്തമായ താക്കീത്

**ന്യൂഡൽഹി:** മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ അറസ്റ്റുമായി ബന്ധപ്പെട്ട് അമേരിക്ക നടത്തിയ പ്രസ്താവന അംഗീകരിക്കാനാവില്ലെന്നും ശക്തമായ പ്രതിഷേധം അറിയിച്ചതായും ഇന്ത്യ. വിദേശകാര്യമന്ത്രാലയമാണ് പ്രതിഷേധമറിയിച്ചതായി വ്യക്തമാക്കിയത്.

ഇത്തരം പ്രസ്താവനകൾ ഉഭയകക്ഷിബന്ധങ്ങൾക്ക് വെല്ലുവിളിയാണ്. ബാഹ്യ ഇടപെടലുകൾ ബന്ധങ്ങളെ മോശമാക്കുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

ഭരണഘടന സ്ഥാപനങ്ങളും അന്വേഷണ ഏജൻസികളും രാജ്യത്തിൻറെ അഭിമാനമാണ്. തികഞ്ഞ ജനാധിപത്യ ബോധത്തോടെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിയമം അനുസരിച്ചാണ് കേജരിവാളിൻറെ അറസ്റ്റുമായി ബന്ധപ്പെട്ട നടപടികൾ.

അരവിന്ദ് കേജരിവാളിൻറെ അറസ്റ്റിന് ശേഷമുള്ള സാഹചര്യം നിരീക്ഷിക്കുന്നു.

നിയമ നടപടികൾ സുതാര്യവും നിഷ്പക്ഷവും സമയബന്ധിതവുമാകണമെന്നുമായിരുന്നു അമേരിക്കൻ



വിദേശകാര്യ വക്താവ് മാത്യു മില്ലറുടെ പ്രസ്താവന.

അമേരിക്കയുടെ മുൻ പ്രതികരണത്തിൽ ഇന്ത്യ കടുത്ത അതൃപ്തി അറിയിച്ചിരുന്നു.

എന്നാൽ അമേരിക്കൻ നിലപാടിനെ ഇന്ത്യ എതിർക്കേണ്ട കാര്യമില്ലെന്നും മില്ലർ വ്യക്തമാക്കിയിരുന്നു.

## വിപണികളിൽ കുതിപ്പ്

**കൊച്ചി:** സംസ്ഥാനത്ത് സ്വർണ വില പവന് 50,000 രൂപയിലേക്ക് കുതിക്കുന്നു. തമിഴ്നാട്ടിൽ ചരിത്രത്തിലാദ്യമായി സ്വർണ വില പവന് 50,000 രൂപയിൽ തൊട്ടു. രാജ്യാന്തര വിപണിയുടെ ചുവട് പിടിച്ചാണ് സ്വർണ വില കുതിക്കുന്നത്. അമേരിക്കയിൽ ബോണ്ടുകളുടെ മൂല്യം കുറഞ്ഞതോടെ നിക്ഷേപതാത്പര്യം കൂടിയതാണ് സ്വർണ വിപണിക്ക് കരുത്തായത്. കേരളത്തിലെ സ്വർണ വില ഇന്നലെ പവന് 280 രൂപ വർധിച്ച് 49,340 രൂപയിലെത്തി. ഗ്രാമിൻറെ വില 6,170 രൂപയാണ്.



മൾട്ടി കമ്മോഡിറ്റി എക്സ്ചേഞ്ചിൽ 24 കാരറ്റ് സ്വർണ വില പത്ത് ഗ്രാമിന് 66,560 രൂപയിലാണ് വ്യാപാരം നടത്തുന്നത്. രാജ്യാന്തര വിപണിയിൽ വില ഔൺസിന് 2,200 ഡോളറിന് അടുത്താണ്. വെള്ളി വില കിലോഗ്രാമിന് 74,780 രൂപയിലാണ് വ്യാപാരം നടത്തുന്നത്. ഓഹരി വിപണിയിലും നിക്ഷേപകരുടെ ആവേശത്തിൽ വില കുതിക്കുകയാണ്. വിദേശ നിക്ഷേപ സ്ഥാപനങ്ങളുടെ ആവേശമാണ് ഓഹരി വിപണിക്ക് കരുത്തായത്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 655.4 പോയിൻറ് ഉയർന്ന് 73,651.35 ൽ വ്യാപാരം അവസാനിപ്പിച്ചു. ദേശീയ സൂചിക 203.25 പോയിൻറ് നേട്ടത്തോടെ 22,326.90 വ്യാപാരം പൂർത്തിയാക്കി. ബാങ്കിങ്, ധനകാര്യ, വാഹന മേഖലയിലെ ഓഹരികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്.

ആഗോള വിപണികളിലെ കുതിപ്പിന് ചുവടുപിടിച്ചാണ് ഓഹരികൾ ശക്തമായി തിരിച്ചുകയറിയത്. അമേരിക്കയിലെ പ്രമുഖ സൂചികകൾ ബുധനാഴ്ച റെക്കാഡ് ഉയരത്തിലാണ് വ്യാപാരം പൂർത്തിയാക്കിയത്. ഫെഡറൽ റിസർവിൻറെ ധനനയത്തിൽ നിർണായക സ്വാധീനമുള്ള അമേരിക്കയിലെ നാണയപ്പെരുപ്പ കണക്കുകളാണ് വിപണി പ്രതീക്ഷയോടെ കാത്തിരിക്കുന്നത്. നാണയപ്പെരുപ്പം കുറഞ്ഞാൽ ജൂണിൽ പലിശ നിരക്ക് കുറഞ്ഞ് തുടങ്ങുമെന്നാണ് വിലയിരുത്തുന്നത്. ഇതോടൊപ്പം ഇന്ത്യയിലെ പ്രധാന മേഖലകളിലെ വ്യാവസായിക മേഖലകളിലെ ഉത്പാദനം 6.7 ശതമാനം ഉയർന്നു.





# ദേവാലയങ്ങളിൽ പെസഹ ആചരിച്ചു; ഇന്ന് ദുഃഖവെള്ളി

**തിരുവനന്തപുരം:** ഭക്തിനിർഭരമായി ദേവാലയങ്ങളിൽ പെസഹ ആചരണം. വിവിധ ദേവാലയങ്ങളിൽ ഇന്നലെ നടന്ന പെസഹായുടെ ശുശ്രൂഷകളിൽ ആയിരക്കണക്കിനു വിശ്വാസികൾ പങ്കുചേർന്നു.

പട്ടം സെൻറ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നിന് ആരംഭിച്ച കാൽകഴുകൽ ശുശ്രൂഷയ് ക്ക് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യകാർമികനായിരുന്നു. ഇന്നു രാവിലെ എട്ടിന് ദുഃഖവെള്ളിയുടെ ശുശ്രൂഷകൾ ആരംഭിക്കും.

പാളയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ ഇന്നലെ വൈകുന്നേരം 5.30ന് ആരംഭിച്ച തിരുവത്താഴ ദിവ്യബലിക്ക് ആർച്ച് ബിഷപ് ഡോ. തോമസ് ജെ.നെറ്റോ മുഖ്യകാർമികനായിരുന്നു. കാൽകഴുകൾ ശുശ്രൂഷ, പൗരോഹിത്യ സ്ഥാപനം, പരിശുദ്ധ കുർബാന സ്ഥാപനം എന്നീ ശുശ്രൂഷകൾ നടന്നു. ഇന്നു രാവിലെ ഏഴിന് സംയുക്ത കുരിശിൻറെ വഴി. രാവിലെ ഒൻപത് മുതൽ മൂന്നു വരെ പരിശുദ്ധ ദിവ്യകാരുണ്യ ആരാധന.

പിഎംജി ലൂർദ് ഫൊറോന പള്ളിയിൽ ഇന്നലെ വൈകുന്നേരം 5.15ന് പെസഹാ തിരുകർമങ്ങൾ ആരംഭിച്ചു. ലൂർദ് ഫൊറോന വികാരി ഫാ.മോർളി കൈതപ്പറന്പിൽ മുഖ്യകാർമികനായിരുന്നു.

ഇന്നു രാവിലെ 6.30ന് സംയുക്ത കുരിശിൻറെ വഴി. രാവിലെ എട്ടു മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ ആരാധന. ഉച്ചയ്ക്ക് 12ന് നേർച്ചകഞ്ഞി. മൂന്നിന് പീഡാനുഭവ വെള്ളി തിരുക്കർമങ്ങൾ. മുഖ്യകാർമികൻ ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ. നാലിന് ദേവാലയ അങ്കണത്തിൽ ആഘോഷപൂർവകമായ കുരിശിൻറെ വഴി.

കോട്ടൺഹിൽ കാർമൽഹിൽ ആശ്രമ ദേവാലയത്തിൽ ഇന്നലെ രാവിലെ 6.30ന് പ്രഭാത പ്രാർഥനയും വൈകുന്നേരം ആറിന് ആഘോഷമായ ദിവ്യബലിയും കാൽകഴുകൽ ശുശ്രൂഷയും ദിവ്യകാരുണ്യ പ്രദക്ഷിണവും ആരാധനയും ഉണ്ടായിരുന്നു. ഇന്നു രാവിലെ 6.30ന് പ്രഭാത പ്രാർഥന. വൈകുന്നേരം 4.30ന് ദൈവവചന പ്രഘോഷണം, ദിവ്യകാരുണ്യ സ്വീകരണം, കുരിശിൻറെ വഴി.

പാളയം സമാധാനരാജ്ഞി ബസിലിക്കയിൽ ഇന്നലെ രാവിലെ 6.30ന് പ്രഭാത നമസ്കാരം, വിശുദ്ധ കുർബാന എന്നീ തിരുക്കർമങ്ങൾ നടന്നു.

രാവിലെ ഒൻപതു മുതൽ വൈകുന്നേരം ആറുവരെ വിശുദ്ധ കുർബാനയുടെ ആരാധനയും ഉണ്ടായിരുന്നു. ഇന്നു രാവിലെ ഏഴിനു സംയുക്ത കുരശിൻറെ വഴി. 8.30 മുതൽ ദുഃഖവെള്ളിയുടെ ശുശ്രൂഷകൾ. വൈകുന്നേരം ആറിന് സന്ധ്യാനമസ്കാരം.

# ജീവിതം അർഥപൂർണമാകുന്നത് ശുശ്രൂഷയിലൂടെ: മാർ ജോൺ നെല്ലിക്കുന്നേൽ

**നെടുങ്കണ്ടം:** ഭൗതികതയിലല്ല ശുശ്രൂഷയിലാണ് മനുഷ്യജീവിതത്തിൻറെ അർഥം പൂർണമാകുന്നതെന്ന് ഇടുക്കി മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. നെടുങ്കണ്ടം സെൻറ് സെബാസ്റ്റ്യൻസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർഥാടന ദേവാലയത്തിൽ പെസഹാ സന്ദേശം നൽകുകയായിരുന്നു ബിഷപ്.

ഭൗതിക നേട്ടങ്ങൾ എത്രയുണ്ടെങ്കിലും അതെല്ലാം നൈമിഷികമാണ്. മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്നതിലാണ് ജീവിതം പൂർണമാകുന്നത്. ഇതാണ് യേശു സ്വന്തം ജീവിതത്തിലൂടെ കാട്ടിത്തന്നത്. ദൈവപുത്രനായിരുന്നിട്ടും തൻറെ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകി ചുംബിച്ച് വിനയത്തിൻറെ മാതൃക യേശു ലോകത്തിനു നൽകി. ഇതാണ് ക്രൈസ്തവ ജീവിതത്തിൻറെ സാക്ഷ്യമായി മാറുന്നത്.

മാതാപിതാക്കളെ ജീവിതകാലത്ത് ശ്രദ്ധിക്കാതെ മരണത്തി നു ശേഷം ആർഭാടങ്ങൾ കാണിക്കുന്നത് അവരോടുള്ള അവഹേളനവും നിന്ദയുമാണ്.

യേശു കാൽ കഴുകുക മാത്രമല്ല ചെയ്തത്, അവരുടെ ആവശ്യങ്ങൾക്കൊപ്പം നിലകൊള്ളുകയും ചെയ്തു. വിശുദ്ധ കുർബാന സ്ഥാപിച്ചതിലൂടെ യേശു തൻറെ ജനത്തിനോടൊപ്പവും അവരുടെ ആവശ്യങ്ങൾക്കൊപ്പവും എപ്പോഴും ഉണ്ടെന്ന് വ്യക്തമാക്കുകയായിരുന്നെന്നും ബിഷപ് പറഞ്ഞു.

പെസഹായുടെ ഭാഗമായ കാൽകഴുകൽ ശുശ്രൂഷയ്ക്കും അദ്ദേഹം കാർമികത്വം വഹിച്ചു.

ആർച്ച് പ്രീസ്റ്റ് ഫാ. ജയിംസ് ശൗര്യാംകുഴിയിൽ, ഫാ. ജോസഫ് വള്ളിയാംതടത്തിൽ, ഫാ. അമൽ മണിമലകുന്നേൽ, ഫാ. ജയ്സൺ കുന്നേൽ എന്നിവർ സഹകാർമികരായിരുന്നു.



എളംകുളം ഫാത്തിമ മാതാ പള്ളിയിൽ പെസഹാ വ്യാഴാഴ്ച കാലുകഴുകൽ ശുശ്രൂഷയ്ക്ക് വികാരി ഫാ. മാർട്ടിൻ തൈപ്പറമ്പിൽ മുഖ്യകാർമികത്വം വഹിക്കുന്നു.

# എളംകുളം ഫാത്തിമ മാതാ പള്ളിയിൽ പെസഹാ വ്യാഴം ആചരിച്ചു

**കൊച്ചി:** എളംകുളം ഫാത്തിമ മാതാ പള്ളിയിൽ പെസഹാ വ്യാഴാഴ്ച തിരുവത്താഴ പൂജയ്ക്കും കാലുകഴുകൽ ശുശ്രൂഷക്കും വികാരി ഫാ. മാർട്ടിൻ തൈപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ. സെഫിൻ പടമാടൻ വചനപ്രഘോഷം നടത്തി. ഫാ. ജേക്കബ് മാവുങ്കൽ, ഫാ. ജോമിൻ തുണ്ടത്തിൽ, ഫാ. ആൻസൻ കോച്ചേരി എന്നിവർ സഹകാർമികരായിരുന്നു. തുടർന്ന് ദിവ്യകാരുണ്യപ്രദക്ഷിണവും രാത്രി 12 മണി വരെ ആരാധനയും ഉണ്ടായിരുന്നു. നാളെ ദുഃഖ വെള്ളിയാഴ്ച രാവിലെ ആറു മണിക്ക് പരിഹാര പ്രദക്ഷിണം. വൈകുന്നേരം അഞ്ചുമണിക്ക് പീഡാനുഭവ തിരുകർമ്മങ്ങൾ, പീഡാനുഭ ചരിത്ര വായന, വചനപ്രഘോഷണം, വിശ്വാസികളുടെ പ്രാർത്ഥന, കുരിശാരാതന, കുരിശു ചുംബനം, ദിവ്യകാരുണ്യ സ്വീകരണം, നഗരികാണിക്കൽ പ്രദക്ഷിണം, തിരുസ്വരൂപചുംബനം. രാത്രി 10 മണിക്ക് കബറടക്ക ശുശ്രൂഷയും ഉണ്ടായിരിക്കും.

**മൂവാറ്റുപുഴ:** ദേവാലയങ്ങളിൽ പെസഹാ ആചരണവും കാൽകഴുകൽ ശുശ്രൂഷയും നടത്തി.

**കൂത്താട്ടുകുളം** ടൗൺ തിരുകുടുംബ ദേവാലയത്തിൽ കാൽകഴുകൽ ശുശ്രൂഷയ്ക്ക് വികാരി ഫാ. സിറിയക്ക് തടത്തിൽ, ഫാ. ജോസഫ് അട്ടൻകാട്ടിൽ, ഫാ. അലക്സ് മുരിങ്ങയിൽ, ഡീക്കൻ ജയ്മോൻ വടക്കേടത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

ഇന്ന് രാവിലെ 7.30 ന് പീഡാനുഭവ തിരുകർമങ്ങൾ ആരംഭിക്കും. തുടർന്ന് ടൗൺ ചുറ്റി കുരിശിൻറെ വഴി. 30 ന് രാവിലെ ഏഴിന് വിശുദ്ധ കുർബാന. 31 ന് രാവിലെ മൂന്നിനും ആറിനും എട്ടിനും വിശുദ്ധ കുർബാന ഉണ്ടാകും.

**വടകര** സെൻറ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ പെസഹാ ആചരിച്ചു. 53 വർഷങ്ങൾക്ക് ശേഷമാണ് ഇടവകയിൽ കാൽകഴുകൽ ശുശ്രൂഷ നടന്നത്. പാരിഷ് ഹാളിൽ പ്രത്യേകം ഒരുക്കിയ വേദിയിൽ 12 വൈദികരുടെ കാൽ കഴുകി.

മലങ്കര ഓർത്തഡോക്സ് സഭ സീനിയർ മെത്രാപ്പൊലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് മുഖ്യ കാർമികത്വം വഹിച്ചു. പള്ളി വികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം നേതൃത്വം നൽകി.

**പിറവം** ഹോളി കിംഗ്സ് ക്നാനായ കത്തോലിക്ക ഫൊറോന പള്ളിയിൽ കാൽ കഴുകൽ ശുശ്രൂഷ ചടങ്ങുകൾ നടത്തി. രാവിലെ കുർബാനക്കു ശേഷം നടന്ന ചടങ്ങിൽ വികാരി ഫാ. തോമസ് പ്രാലേൽ മുഖ്യ കാർമികത്വം വഹിച്ചു. സഹ വികാരി ഫാ. സ്റ്റീഫൻ മുടക്കോലിൽ, ഫാ.മാത്യൂസ് മണക്കാട്ട് എന്നിവർ സഹകാർമികരായി.

**മൈലക്കൊമ്പ്** സെൻറ് തോമസ് ഫൊറോന പള്ളിയിൽ രാവിലെ 6.30നു തിരുക്കർമങ്ങൾ. തുടർന്നു പള്ളിയിൽ കുരിശിൻറെ വഴി. വൈകുന്നേരം 3.30നു മടക്കത്താനം കുരിശടിയിലേക്ക് പരിഹാരപ്രദക്ഷിണം.

**കരിങ്കുന്നം** സെൻറ് അഗസ്റ്റിൻസ് പള്ളിയിൽ രാവിലെ 7.30നു നെല്ലാപ്പാറ കുരിശുപള്ളിയിലേക്ക് കുരിശിൻറെ വഴി. 9.30നു തിരുക്കർമങ്ങൾ. മാറിക സെൻറ് ജോസഫ് ഫൊറോനപള്ളിയിൽ രാവിലെ ഏഴിന് തിരുക്കർമങ്ങൾ,കുരിശിൻറെ വഴി. വൈകുന്നേരം നാലിന് വഴിത്തല ചാപ്പലിലേക്ക് പരിഹാരപ്രദക്ഷിണം.

**വെള്ളിയാമറ്റം:** സെൻറ് ജോർജ് പള്ളിയുടെ കീഴിലുള്ള നെല്ലിക്കാമല നസ്രത്ത് മൗണ്ടിലേക്ക് ഇന്നു കുരിശിൻറെ വഴി നടക്കും. നയനമനോഹരമായ മലങ്കര ജലാശയത്തിൻറെ ദൃശ്യവിരുന്നാണ് നെല്ലിക്കാമല നസ്രത്ത്മൗണ്ടിൻറെ പ്രത്യേകത. പള്ളിയിൽ നിന്നു നാലു കിലോമീറ്റർ സഞ്ചരിച്ചാൽ മലമുകളിലെത്താം.

കുരിശിൻറെ വഴിയിലെ വിവിധ സ്ഥലങ്ങൾ പിന്നിട്ട് മലമുകളിലെ കുരിശുപള്ളിക്കുമുന്നിലെത്തുന്പോൾ മരുഭൂമിയിലെ ഈശോയുടെ പ്രലോഭനദൃശ്യങ്ങൾ ചിത്രീകരിച്ചിരിക്കുന്നതു കാണാം.

രാവിലെ ഏഴിന് പള്ളിയിലെ തിരുക്കർമങ്ങൾക്കു ശേഷം ഒന്പതിനു ഞരളംപുഴയിൽനിന്നു നെല്ലിക്കാമല നസ്രത്ത്മൗണ്ടിലേക്ക് കുരിശിൻറെ വഴി ആരംഭിക്കും.



# മലയാറ്റൂർ കുരിശുമുടി ഭക്തി സാന്ദ്രം: പെസഹാ ദിനത്തിൽ പതിനായിരങ്ങൾ മലകയറി

**മലയാറ്റൂർ:** വിശുദ്ധവാരത്തിൻറെ പരിസമാപ്തിയുടെ ദിനങ്ങളിലേക്ക് എത്തിയതോടെ മലയാറ്റൂർ കുരിശുമുടി തീർഥാടകരാൽ നിറഞ്ഞു. പെസഹാ വ്യാഴം രാത്രി മുതൽ തീർഥാടകരുടെ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്ന് ദു:ഖവെള്ളി ദിനത്തിലും മലയാറ്റൂർ കുരിശുമുടി തീർഥാടകരാൽ നിറയും.

നോമ്പെടുത്ത്, കാഷായ വസ്ത്രമണിഞ്ഞ് ഭാരമുള്ള കുരിശുകൾ ചുമന്നാണ് വിശ്വാസികൾ മലകയറുന്നത്. തീർഥടക ദിനങ്ങളിലെ ഏറ്റവും തിരക്കേറിയ ദിവസമാണ് ഇന്ന്.

തീർഥാടകർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതായി മലയാറ്റൂർ കുരിശുമുടി വൈസ് റെക്ടർ അറിയിച്ചു. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ സർക്കാർ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ദുഃഖവെള്ളിയോട് അനുബന്ധിച്ച് കടന്നുവരുന്ന തീർഥാടകർക്ക് വിവിധ സ്ഥലങ്ങളിൽ ഭക്ഷണവും വെള്ളവും സൗജന്യമായി ക്രമീകരിച്ചിട്ടുണ്ട്.

മലയാറ്റൂർ സെൻറ് തോമസ് ദേവാലയത്തിൽ ഇന്ന് രാവിലെ 5.30 ന് ആരാധന ആരംഭിക്കും. 6.30ന് പീഡാനുഭവ തിരുകർമങ്ങൾ. വൈകീട്ട് 3ന് കുരിശിൻറെ വഴി.

തുടർന്ന് അടിവാരത്തിലേക്ക് വിലാപയാത്ര. നാളെ വലിയ ശനി ദിനത്തിൽ രാവിലെ 6ന് മാമ്മോദീസ വ്രത നവീകരണം, വെള്ളം തിരി വെഞ്ചരിപ്പ്.

കുരിശുമുടി ദേവാലയത്തിൽ ഇന്ന് രാവിലെ 6.30 ന് ആരാധന, തുടർന്ന് 7ന് പീഡാനുഭവ തിരുകർമങ്ങൾ, വിശുദ്ധ കുർബാന സ്വീകരണം, നഗരി കാണിക്കൽ.

വലിയ ശനി രാവിലെ 7ന് മാമ്മോദീസ വ്രത നവീകരണം, പുത്തൻ വെള്ളം തിരി വെഞ്ചരിപ്പ്.



# സെഞ്ചുറി നേട്ടത്തിൽ വിത്തുചേന

**തൊടുപുഴ:** ഇത്തവണ ചേന നടണമെങ്കിൽ കാശ് കൂടുതൽ മുടക്കേണ്ടിവരും. മുന്പെങ്ങുമില്ലാത്ത വിലയാണ് ഇത്തവണ വിത്തു ചേനയ്ക്ക്. കിലോയ്ക്ക് 20 രൂപമുതൽ 30 രൂപവരെ വിലയുണ്ടായിരുന്ന വിത്തുചേനയ്ക്കാ ണ് ഇത്തവണ വില 100 രൂപയിലേക്ക് എത്തിയത്.

തൊടുപുഴ കാഡ്സിൽ 100 രൂപയ്ക്കാണ് വിത്തുചേന വിറ്റഴിക്കുന്നത്. കൂത്താട്ടുകുളം മാർക്കറ്റിൽ 115 രൂപയ്ക്കുവരെ കച്ചവടം നടന്നു. സീസണിൽ ഭേദപ്പെട്ട വില ലഭിച്ചതിനാൽ കർഷകർ വിത്തിന് കരുതിവയ്ക്കാതെ വിൽപ്പന നടത്തിയതാണ് വിത്തിന് ഡിമാൻഡ് വർധിക്കാൻ പ്രധാനകാരണം. ഉത്പാദനത്തിലുണ്ടായ ഇടിവും വില ഉയരാൻ മറ്റൊരു കാരണമായി. തൊഴിലാളികളുടെ വേതനത്തിലുണ്ടായ വർധനയും കാലാവസ്ഥ വ്യതിയാനവുമെല്ലാം ചേനകൃഷിയെ സാരമായി ബാധിച്ചു.

നേരത്തേ കർഷകകുടുംബങ്ങളിലെല്ലാം പത്തുമൂട് ചേനയെങ്കിലും നടുമായിരുന്നു. എന്നാൽ ഇന്നു സ്ഥിതിയാകെ മാറി. യുവതീയുവാക്കൻമാർ വിദേശരാജ്യങ്ങളിലേക്ക് കുടിയേറിയതോടെ ചേന നടീൽ കുറഞ്ഞു. ചേന പാകം ചെയ്ത് കഴിക്കുന്നതിനും പുതുതലമുറയ്ക്ക് താത്പര്യമില്ലാതായതോടെ കൃഷിയും അന്യംനിന്നുപോകുന്ന സ്ഥിതിയാണ്.

ഇത്തവണ വേനൽമഴ പലയിടത്തും ലഭിക്കാത്തതിനാൽ തന്നാണ്ടുവിളകൾ കൃഷിയിറക്കുന്നതും വൈകുകയാണ്. മഴപെയ്താൽ ചേന, ചേന്പ്, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിത്തുകൾക്ക് വിപണിയിൽ ഡിമാൻഡ് വർധിക്കാൻ സാധ്യതയേറെയാണ്. അതിനാൽ നേരത്തേ വാങ്ങി സൂക്ഷിക്കുന്നവരുമുണ്ട്. മുന്പെങ്ങുമില്ലാത്ത വിധത്തിൽ വിത്തുചേനയ്ക്ക് വില വർധിച്ചെങ്കിലും കർഷകർക്കു പ്രയോജനപ്പെടാത്ത സ്ഥിതിയാണ്.



# പൊതു ഇടങ്ങളിലെ മാലിന്യനിക്ഷേപം: കർശന നടപടി സ്വീകരിക്കുമെന്ന്

**കട്ടപ്പന:** കട്ടപ്പന നഗരസഭ പരിധിയിൽ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള മലിനജലം പൊതു ഇടങ്ങളിലേക്ക് ഒഴുക്കിവിടുന്നവർക്കും കൈതോടുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുമെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് നഗരസഭ ആരോഗ്യ വിഭാഗം അറിയിച്ചു.

കട്ടപ്പനയാറിലേക്കെത്തിച്ചേരുന്ന കൈതോടുകളിലേക്ക് സ്ഥാപനങ്ങളിൽ നിന്നുള്ള മലിന ജല പൈപ്പുകൾ തുറന്നു വച്ചിരിക്കുന്നവർക്കെതിരെ മുൻപ് നടപടി സ്വീകരിച്ചിരുന്നു. വീണ്ടും ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് നഗരസഭ ക്ലീൻസിറ്റി മാനേജർ ജിൻസ് സിറിയക് അറിയിച്ചു.

പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർ, സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുംതോടുകളിലേക്ക് മലിനജലം ഒഴുക്കിവിടുന്നവരെയും കുറിച്ച് വിവരം നല്കുന്നവർക്ക് ഈടാക്കുന്ന പിഴയുടെ 25ശതമാനം പാരിതോഷികമായി നല്കുമെന്നും വിവരം തരുന്നവരെ സംബന്ധിച്ച് വിവരം രഹസ്യമായി സൂക്ഷിക്കുമെന്നും നഗരസഭ ആരോഗ്യ വിഭാഗം വ്യക്തമാക്കി.

# 6 കോടി വിൽപന നേട്ടം കൈവരിച്ച് ഹോണ്ട

**കൊച്ചി:** രാജ്യത്തെ മുൻനിര ഇരുചക്രവാഹന നിർമാതാക്കളായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ആഭ്യന്തര വിൽപനയിൽ 6 കോടി വിൽപന പിന്നിട്ട് ചരിത്രനേട്ടം കൈവരിച്ചു ഇന്ത്യൻ വിപണിയോടുള്ള പ്രതിബദ്ധത അടിവരയിടുന്നതാണ് ഈ ശ്രദ്ധേയമായ നേട്ടം. 2001ലാണ് ആദ്യ ഇരുചക്രവാഹനമായ ആക്ടീവയുമായി ഹോണ്ട ഇന്ത്യൻ വിപണിയിൽ പ്രവേശിച്ചത്, ആക്ടീവ, ഷൈൻ മോഡലുകളാണ് ഈ അതിവേഗ നേട്ടത്തിൽ വലിയ പങ്കുവഹിച്ചത്. ഇന്ത്യൻ ഉപഭോക്താക്കൾക്കിടയിൽ ഏറ്റവും കൂടുതൽ വിറ്റഴിച്ചതും ഈ രണ്ട് ഐക്കണിക് മോഡലുകളാണ്.






# കാൽനൂറ്റാണ്ടിൻെറ കാത്തിരിപ്പിന് വിരാമം: കലൂർ പുതിയ മാർക്കറ്റ് മേയിൽ തുറക്കും

**കൊച്ചി:** കാൽനൂറ്റാണ്ടായി പൊതുജനങ്ങൾക്ക് ഉപകാരമില്ലാതെ അടഞ്ഞുകിടന്ന കല്ലൂർ ആധുനിക മാർക്കറ്റ് നവീകരണം പൂർത്തിയാക്കി തുറന്നുകൊടുക്കുന്നു. ബലക്ഷയം ഉണ്ടായ ഭാഗങ്ങൾ ബലപ്പെടുത്തി തറയിലും ചുമരുകളിലും ടൈലുകൾ പാകി ആധുനിക വൈദ്യുതീകരണ സംവിധാനങ്ങളും മലിനജല നിർമാർജന സംവിധാനം ഒരുക്കി നിറം പൂശി ആരെയും ആകർഷിക്കും വിധം മനോഹരമാകുകയാണ് മാർക്കറ്റ്. അവസാനഘട്ട പണികൾ പൂർത്തീകരിച്ച് മേയ് ആദ്യം തന്നെ മാർക്കറ്റ് തുറന്നുകൊടുക്കാനാണ് ശ്രമമെന്ന് ജിസിഡിഎ വൃത്തങ്ങൾ പറയുന്നു.

രണ്ട് നിലകളുള്ള മാർക്കറ്റിൻറെ 40,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് നവീകരണം പൂർത്തിയായി വരുന്നത്. താഴത്തെ നിലയിൽ പഴം, പച്ചക്കറികൾ, മത്സ്യ, മാംസം എന്നിവയ്ക്കാണ് സ്ഥലം നൽകുക. ഇതോടൊപ്പം അനുബന്ധ ഉത്പന്നങ്ങൾ, പലചരക്ക് എന്നിവയ്ക്കായി പ്രത്യേക ഇടങ്ങൾ സജ്ജമാക്കും. 66 കടമുറികളും 30 സ്റ്റാളുകളുമാണ് ഇതിനായി താഴത്തെ നിലയിൽ ഒരുക്കുന്നത്.

ഒന്നാം നിലയിൽ ഓപ്പൺ റസ്റ്ററൻറ് അടക്കം 18 കടമുറികളാണുള്ളത്. ഇവ വിവിധ ആവശ്യങ്ങൾക്കായി നൽകും. ഉറവിട മാലിന്യസംസ്കരണ പ്ലാൻറ്, മഴവെള്ള സംഭരണി, മലിനജല സംസ്കരണ പ്ലാൻറ്, അഗ്നിരക്ഷാ സംവിധാനങ്ങൾ, സർവീസ് ലിഫ്റ്റ്, ജനറേറ്റർ, പാർക്കിംഗ് സൗകര്യം തുടങ്ങി ആധുനിക മാർക്കറ്റിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിൻറെ സഹകരണത്തോടെയാണ് നവീകരണം യാഥാർഥ്യമാക്കുന്നത്.

മാർക്കറ്റ് പൂർണ സജ്ജമായാൽ നിലവിൽ പഴയ മാർക്കറ്റിൽ പ്രവർത്തിക്കുന്ന വ്യാപാരികളെ പുതിയ മാർക്കറ്റിലേക്ക് പുനരധിവസിപ്പിക്കും. പഴയ മാർക്കറ്റിൽ പാർക്കിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന സാഹചര്യം കൂടി കണക്കിലെടുത്താണ് തേവര പേരണ്ടൂർ കനാലിനരികിലുള്ള പുതിയ മാർക്കറ്റിലേക്ക് വ്യാപാരികളെ മാറ്റുന്നത്.

പഴയ മാർക്കറ്റിലെ അസൗകര്യങ്ങളും മാലിന്യ സംസ്കരണത്തിലെ പോരായ്മകളും ദുർഗന്ധവുമൊക്കെ വലിയ പരാതികളായതോടെ 1999 ലാണ് കലൂരിൽ മണപ്പാട്ടിപ്പറമ്പിനോട് ചേർന്ന് പുതിയ മാർക്കറ്റ് നിർമാണം ആരംഭിച്ചത്. ആധുനിക മാർക്കറ്റ് എന്ന നിലയിൽ 2001 ൽ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തെങ്കിലും വ്യാപാരികൾ ഇവിടേക്ക് മാറാൻ കൂട്ടാക്കിയില്ല. പിന്നീട് ഈ കെട്ടിടം വെറുതേ കിടക്കുകയായിരുന്നു.ഒരു വർഷം മുൻപാണ് ജിസിഡിഎ പ്രത്യേക താൽപര്യമെടുത്ത് മാർക്കറ്റ് നവീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. സാമ്പത്തിക സഹായമായി സിഎസ്എംഎൽ മുന്നോട്ട് വന്നതോടെ കാര്യങ്ങൾ എളുപ്പമായി. 5.87 കോടി രൂപയാണ് മാർക്കറ്റ് നവീകരണത്തിനായി സിഎസ്എംഎൽ ചെലവഴിച്ചത്. മാർക്കറ്റ് തുറന്ന് കൊടുക്കുന്നതോടെ പരിമിധികളുടെ നടുവിൽ വീർപ്പുമുട്ടി കഴിയുന്ന കലൂർ പഴയ മാർക്കറ്റിന് പുതിയ ഇടവും രൂപവും കൈവരും.



## ഓൾ ഇന്ത്യ ബ്രിജ് ടൂർണമെന്റിൽ കോട്ടയം സ്വദേശി മാത്യു ചാണ്ടി നയിച്ച ടീമിന് ജയം

**കൊച്ചി:** ബി.പി.സി.എല്ലും കൈരളി ബ്രിജ് അസോസിയേഷനും (കെ.ബി.എ) സംയുക്തമായി ചേർന്ന് കുമരകത്ത് സംഘടിപ്പിച്ച ഓപ്പൺ ഓൾ ഇന്ത്യ ബ്രിജ് ടൂർണമെന്റ് സമാപിച്ചു. ടീം ഇനത്തിൽ കോട്ടയം സ്വദേശി മാത്യു ചാണ്ടി നയിച്ച ക്രേസി സിക്സ് ടീം ബി.പി.സി.എൽ റോളിംഗ് ട്രോഫി നേടി. ബംഗാളിൽ നിന്നുള്ള അരുൺ ബപത്, ബിശ്വജിത് പൊഡ്ഡാർ, ബിനോദ് ഷാ, സഞ്ജിത് ഡേ, സോഹം സർക്കാർ എന്നിവരാണ് മറ്റ് ടീം അംഗങ്ങൾ. ചെന്നൈയിൽ നിന്നുള്ള കൂളേഴ്സ് രണ്ടാം സ്ഥാനത്തെത്തി. എസ്. വിജയരാഘവൻ, പി. ശ്രീധരൻ, അഫ്ഷർ മജീദ്, ആർ. രാഘവേന്ദ്ര, ഉമ രാജീവ് എന്നിവരാണ് റണ്ണേഴ്സ് അപ്പ് ടീമിലുണ്ടായിരുന്നത്. ദീപ ജേക്കബ്, പ്രൊസഞ്ജിത് മന്ന, ബഭ്രുബഹൻ ബോസ്, പ്രദിപ് ഡേ, സുക്രിത് വിജയകർ എന്നിവരടങ്ങുന്ന ദീപാധർ ടീം മൂന്നാം സ്ഥാനത്തെത്തി. പെയർ ഇനത്തിൽ കൊൽക്കത്തയിൽ നിന്നുള്ള ബിനോദ് ഷാ, സഞ്ജിത് ഡേ എന്നിവർ വിജയികളായി.

കേരളത്തിൽ സംഘടിപ്പിച്ചതിൽ ഏറ്റവും കൂടുതൽ സമ്മാനത്തുകയുള്ള ബ്രിജ് ടൂർണ്ണമെന്റാണ് കുമരകത്ത് നടന്നത്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്(ബി.പി.സി.എൽ) സ്പോൺസർ ചെയ്ത ടൂർണ്ണമെന്റിൽ നാല് ലക്ഷം രൂപയായിരുന്നു സമ്മാനത്തുക. വേമ്പനാട്ട് കായലിൽ ഹൗസ് ബോട്ടിൽ സംഘടിപ്പിച്ച ടീം ഇനത്തിന്റെ ഫൈനൽ ആയിരുന്നു ടൂർണ്ണമെന്റിലെ പ്രധാന ആകർഷണം. ദേശീയതലത്തിലെ കളിക്കാർ പങ്കെടുത്ത ടൂർണ്ണമെന്റിൽ വാശിയേറിയ മത്സരങ്ങളാണ് നടന്നത്.


എൺപതുകളിൽ ശ്രീലങ്കൻ ക്രിക്കറ്റ് ടീമിന്റെ മുൻനിര പേസ് ബൗളറായിരുന്ന അശാന്ത ഡെ മെൽ ആയിരുന്നു ടൂർണ്ണമെന്റിലെ ഏറ്റവും പ്രശസ്തൻ. 2022ൽ ഇറ്റലിയിൽ നടന്ന ലോക ബ്രിജ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ സീനിയർ ബ്രിജ് ടീമിന് വേണ്ടി വെള്ളി മെഡൽ നേടിയ ടീമിന്റെ ക്യാപ്റ്റൻ ആർ. കൃഷ്ണനൊപ്പം പെയർ ഇനത്തിൽ മത്സരിച്ച അശാന്ത ഒരു സമ്മാനവും നേടി. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരാർത്ഥികൾ ടൂർണ്ണമെന്റിൽ പങ്കെടുത്തു. ഇന്ത്യൻ ബ്രിജ് ലോകത്തെ ഒരു വാർഷിക ഇനമായി ഇത് മാറട്ടെയെന്ന് മത്സരാർത്ഥികളെല്ലാവരും ആശംസിച്ചു. ടൂർണ്ണമെന്റിൽ പങ്കെടുത്ത ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ ഒമ്പത് വയസ്സുകാരൻ ഉൾപ്പെട്ട പുതുച്ചേരിയിൽ നിന്നുള്ള ഒരു സ്കൂൾ ടീമും ടൂർണ്ണമെന്റിനുണ്ടായിരുന്നു. ബി.പി.സി.എൽ സിജിഎമ്മും മുൻ ദേശീയ ബാഡ്മിന്റൺ താരവും അർജുന അവാർഡ് ജേതാവുമായ ജോർജ്ജ് തോമസ് വിജയികൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു.

# ലുമിനസ് പവർ ടെക്നോളജീസ് സോളാർ പാനൽ നിർമ്മാണ ഫാക്ടറി തുറന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ എനർജി സൊല്യൂഷൻസ് കമ്പനിയായ ലുമിനസ് പവർ ടെക്നോളജീസ് ഉത്തരാഖണ്ഡിലെ രുദ്രാപൂരിൽ സോളാർ പാനൽ ഫാക്ടറി തുറന്നു. കേന്ദ്ര സർക്കാരിൻറെ പിഎം സൂര്യോദയ യോജന അനുസരണമായാണ് ലുമിനസിൻറെ ഗ്രീൻ സോളാർ പാനൽ ഫാക്ടറി.

ലുമിനസ് ബ്രാൻഡ് അംബാസഡറും ഇതിഹാസ ക്രിക്കറ്റ് താരവുമായ സച്ചിൻ ടെണ്ടുൽക്കർക്കൊപ്പം, ലുമിനസ് പവർ ടെക്നോളജീസിൻറെ എംഡിയും സിഇഒയുമായ പ്രീതി ബജാജ്, ലുമിനസ് ബോർഡ് ചെയർമാനും ഷ്നൈഡർ ഇലക്ട്രിക്കിൻറെ ഇൻറർനാഷണൽ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ മനീഷ് പന്ത് എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ലുമിനസ് എക്സ്പീരിയൻസ് സെൻററർ, എക്സ്പീരിയൻസ് ഓൺ വീൽസ് ബസ് എന്നിവയും ചടങ്ങിൽ അവതരിപ്പിച്ചു.

പത്ത് ഏക്കർ വിസ്തൃതിയിലാണ് ഉത്തരാഖണ്ഡിലെ തന്നെ ഏറ്റവും വലിയ സോളാർ പാനൽ ഫാക്ടറി സ്ഥിതി ചെയ്യുന്നത്. പൂർണമായും ഓട്ടോമേറ്റഡായ പ്ലാൻറിൽ ഏറ്റവും പുതിയതും അത്യാധുനികവുമായ സോളാർ മൊഡ്യൂൾ നിർമാണ സാങ്കേതികവിദ്യകളാണ് സജ്ജീകരിച്ചിരിക്കുന്നത്. ഉയർന്ന ഗുണമേന്മയുള്ള മൊഡ്യൂളുകൾ നിർമിക്കുന്നതിന് ആവശ്യമായ പൂർണ റോബോട്ടിക് ഓട്ടോമേഷൻ കഴിവുകളുള്ള ഫ്യൂച്ചർ മൊഡ്യൂൾ സാങ്കേതികവിദ്യയുള്ള രാജ്യത്തെ ആദ്യത്തെ പ്ലാൻറ് കൂടിയാണിത്. 250 മെഗാവാട്ടാണ് നിലവിലെ ശേഷി. ഭാവിയിൽ ഇത് ഒരു ഗിഗാവാട്ട് വരെയായി ഉയർത്താനാവും.മികച്ച നിലവാരത്തിൽ ഈടുനിൽക്കുന്ന സോളാർ പാനൽ പ്രോജക്റ്റുകൾക്കായി ലോകത്തിലെ ഏറ്റവും വലിയ റിന്യൂവബിൾ എനർജി സ്കൂളുകളിലൊന്നായ ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസ് യൂണിവേഴ്സിറ്റിയുമായി തന്ത്രപരമായ പങ്കാളിത്തവും ലുമിനസിനുണ്ട്. വിവിധ മേഖലകളിൽ 2000 കോടി രൂപയുടെ നിക്ഷേപം നടത്തി അടുത്ത 3 വർഷത്തിനുള്ളിൽ വളർച്ച ഇരട്ടിയാക്കാനും ലുമിനസ് പവർ ടെക്നോളജീസ് ലക്ഷ്യമിടുന്നു.





# കൊടുംവേനലിൽ വറ്റിവരണ്ട് ചിമ്മിനി ഡാം

**പുതുക്കാട്:** കൊടുംവേനലിൽ വറ്റിവരണ്ട് ചിമ്മിനി ഡാം. വ്യാഴാഴ്ചയിലെ കണക്കനുസരിച്ച് ഒന്നരമാസത്തേയ്ക്കുള്ള വെള്ളം മാത്രമാണ് ഡാമിൽ അവശേഷിക്കുന്നത്. ഒരാഴ്ച മുമ്പ് ഇതിലും പരിതാപകരമായിരുന്നു ചിമ്മിനിയുടെ അവസ്ഥ. എന്നാൽ, കോൾനിലങ്ങളിലേയ്ക്കു തുറന്നുവിട്ടിരുന്നത് നിർത്തിയേതോടെ നേരിയ ആശ്വാസമാണുള്ളത്.

ഡാമിൻറെ സംഭരണശേഷിയുടെ 12.77 ശതമാനം വെള്ളം മാത്രമാണ് ഇപ്പോഴുള്ളത്. റൂൾ കർവ് പ്രകാരം 40 ശതമാനം വെള്ളം ഡാമിലുണ്ടാകേണ്ട സമയത്താണ് ഈ അവസ്ഥ.

വൈദ്യുതി ഉത്പാദനത്തിനുള്ള വെള്ളം നൽകുന്നില്ലെങ്കിലും സ്ലൂയിസ് വാൽവ് വഴി പ്രതിദിനം 0.15 ദശലക്ഷം ഘനമീറ്റർ വെള്ളം ഡാമിൽ നിന്നു തുറന്നുവിടുന്നുണ്ട്. ഇപ്പോഴത്തെ നില തുടർന്നാൽ ദിവസങ്ങൾക്കകം ജലവിതരണം പൂർണമായി നിലയ്ക്കും. അതോടെ കുറുമാലി, കരുവന്നൂർ പുഴകൾ കടന്നുപോകുന്ന മേഖലകളിലെല്ലാം വരൾച്ചാ സാധ്യതയുണ്ട്.

ചിമ്മിനി ഡാമിൽ വ്യാഴാഴ്ച 50.81 മീറ്ററാണ് ജലനിരപ്പ്. 19.36 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് ഇപ്പോൾ ഡാമിൽ സംഭരിച്ചിരിക്കുന്നത്. മൊത്തം സംഭരണശേഷിയുടെ 12.77 ശതമാനമാണിത്. കഴിഞ്ഞ മാർച്ചിൽ 23.25 ശതമാനം വെള്ളമാണ് ഡാമിലുണ്ടായിരുന്നത്. റൂൾ കർവ് പ്രകാരം 65.77 മീറ്ററാണ് ഈ സമയത്തു ഡാമിലുണ്ടാകേണ്ട ജലനിരപ്പ്. ഇതിനേക്കാൾ ഏറെ താഴെയാണ് ഇപ്പോഴത്തെ അവസ്ഥ.

സ്ലൂയിസ് വാൽവിനെ പൊതിഞ്ഞ ലോഹക്കൂടിൻറെ ഭാഗം ഡാമിൻറെ അടിഭാഗത്ത് തെളിഞ്ഞു കാണുന്ന നിലയിലാണിപ്പോൾ. ഇനിയും ജലനിരപ്പ് താഴ്ന്നാൽ ഏതു നിമിഷവും ജലവിതരണം നിലയ്ക്കുന്ന സ്ഥിതിയാണ്.

# തൃത്താല കുടിവെള്ള പദ്ധതി അന്തിമഘട്ടത്തിൽ

**പാവറട്ടി:** ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി വിഭാവനം ചെയ്ത തൃത്താല കുടിവെള്ള പദ്ധതി പൂർത്തിയാകുന്നു. പത്തുവർഷമായി റെയിൽവേയിൽ കുരുങ്ങിക്കിടന്നിരുന്ന തൃത്താല കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പൈപ്പിടൽ തുടങ്ങി. ബ്രഹ്മകുളം റെയിൽവേ ക്രോസിൻറെ അടിയിലൂടെ 3.5 മീറ്റർ നീളത്തിൽ കുടിവെള്ള പൈപ്പ് ഇടുന്ന ജോലികളാണ് ഇപ്പോൾ പുനരാരംഭിച്ചിട്ടുള്ളത്.



കുടിവെള്ളക്ഷാമം രൂക്ഷമായ പാവറട്ടി ഗ്രാമപഞ്ചായത്തിനെ തൃത്താല കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 2014 ൽ ജലസേചന വകുപ്പ് മന്ത്രി പി.ജെ. ജോസഫിന് അന്നത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്ന വിമല സേതുമാധവൻ നിവേദനം നൽകിയതിൻറെ അടിസ്ഥാനത്തിലാണ് പാവറട്ടിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

33 കോടി രൂപയാണ് അന്ന് പദ്ധതിക്കായി നീക്കിവച്ചത്. എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിനായി ജല അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 2014ൽ പഞ്ചായത്ത് വിഹിതമായി സർവേ നടപടികൾക്ക് 1.75 ലക്ഷം രൂപയും നൽകിയിരുന്നു. കുന്നംകുളം ചാട്ടുകുളത്തുനിന്ന് ആരംഭിച്ച് പാവറട്ടി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും കുടിവെള്ളം എത്തിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ നീണ്ട പത്ത് വർഷമായിട്ടും ആ പദ്ധതി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നടപടികൾ ഉണ്ടായില്ലെന്ന് പാവറട്ടി മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വിമല സേതുമാധവൻ ആരോപിച്ചു.

തൃത്താല കുടിവെള്ള പദ്ധതിക്കായി പാവറട്ടി പഞ്ചായത്തിലെ പുളിഞ്ചേരിപ്പടിയിൽ ജല സംഭരണിയുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ മുല്ലശേരി ഗ്രാമപഞ്ചായത്തിനെ കൂടി പിന്നീട് ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പദ്ധതിക്ക് തടസമായി ബ്രഹ്മകുളത്തെ റെയിൽവേ ക്രോസിൻറെ അടിയിലൂടെ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ തടസമായി നിന്നു. ഇതിനായി ജല അതോറിറ്റി 5.19 ലക്ഷം രൂപ റെയിൽവേയിൽ കെട്ടിവെച്ചിരുന്നു. ഈ തടസ്സമാണ് ഇപ്പോൾ നീങ്ങിയത്. ഇപ്പോഴത്തെ പാവറട്ടി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വിമല സേതുമാധവൻ തടസങ്ങൾ നീക്കണമെന്നാവശ്യപ്പെട്ട് റെയിൽവേ മന്ത്രി, റെയിൽവേ ഉദ്യോഗസ്ഥർ എന്നിവർക്ക് നിവേദനം നൽകിയിരുന്നു. പാവറട്ടി, മുല്ലശേരി, ഗ്രാമ പഞ്ചായത്തുകളിലായി 13,000 വീടുകളിലേക്കാണ് കുടിവെള്ളം വീട്ടുകണക്ഷനായി നൽകുന്നത്.ഏപ്രിൽ ആദ്യവാരത്തിൽ പൈപ്പിടൽ അടക്കമുള്ള നിർമാണജോലികൾ പൂർത്തീകരിച്ച് കുടിവെള്ള പൈപ്പുമായി ബന്ധിപ്പിക്കുവാനും എത്രയും വേഗം പദ്ധതി കമ്മിഷൻ ചെയ്യാനും കഴിയുമെന്ന പ്രതീക്ഷയിലാണ് ജല അതോറിറ്റി അധികൃതർ.



# നെല്ല് സംഭരണത്തിന് തുടക്കമായി

**ചിറ്റൂർ:** നല്ലേപ്പിള്ളിയിൽ നെല്ല് സംഭരണം തുടക്കമായി. പഞ്ചായത്തിൽ മൂച്ചിക്കുന്ന് പാടശേഖരത്തിൽ സംഭരണം ആരംഭിച്ചിരിക്കുന്നത്.

ആദ്യം കൊയത്ത് കഴിഞ്ഞ കർഷകരുടെയും നെല്ല് ടാർ പോളിൻ ഷീറ്റിട്ട് മൂടി വീടിന് വെളിയിൽ നെല്ല് സൂക്ഷിച്ചവരുടെയും നെല്ലാണ് ആദ്യം മുൻഗണന നൽകി എടുക്കുന്നത്.

50 ശതമാനം കൊയത്ത് കഴിഞ്ഞ പാടശേഖരങ്ങളിൽ പാടശേഖര സമിതി ഭാരവാഹികളും കൃഷി ഉദ്യോഗസ്ഥരും വെരിഫിക്കേഷൻ നടത്തി സപ്ലൈകോയ്ക്ക് കൊടുത്ത ലിസ്റ്റിൻറെ അടിസ്ഥാനത്തിലാണ് മില്ല് അലോട്ട്മെൻറ് നടത്തുന്നത്.

അതിന് ശേഷം സപ്ലൈകോ ഉദ്യോഗസ്ഥർ ഒരോ കർഷകരുടെ വീട്ടിലെത്തി തുക്കം നിർണയിച്ച് നൽകുന്ന രസീതിൻറെ അടിസ്ഥാനത്തിലാണ് മില്ലുടമകൾ നെല്ല് എടുക്കുന്നത്.

ഇതിന് ശേഷമാണ് പിആർഎസ് കൊടുക്കുന്നത്. ഒരു ഏക്കറിൽ 2200 കിലോ നെല്ലാണ് സംഭരിക്കുന്നത്.

കൂടുതലുണ്ടെങ്കിൽ കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ക്രോപ്പ് കട്ടിംഗ് നടത്തിയാണ് നെല്ല് സംഭരിക്കുന്നത്. ഇപ്രാവശ്യം നല്ലേപ്പിള്ളിയിൽ നെല്ല് സംഭരണ നടപടികൾ ഊർജിതമായി നടപ്പിലാക്കുന്നുണ്ട്.

വ്യാപകമായി കൊയ്ത്ത് നടക്കുമ്പോൾ കൂടുതൽ ജീവനക്കാരെ നെല്ല് പരിശോധനക്ക് നിയമിക്കേണ്ടതുണ്ടെന്ന് നല്ലേപ്പിള്ളി വിവിധ പാടശേഖര സമിതി ഭാരവാഹികൾ ആവശ്യപ്പെട്ടു.

## എക്സ്റ്റേണൽ കമേഴ്സ്യൽ ബോറോയിങ്ങിലൂടെ മുത്തൂറ്റ് മൈക്രോഫിൻ 75 ദശലക്ഷം ഡോളർ സമാഹരിച്ചു

**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ എക്സ്റ്റേണൽ കമേഴ്സ്യൽ ബോറോയിങ് വഴി 75 ദശലക്ഷം ഡോളർ സമാഹരിച്ചു. മൂന്നു വർഷവും മൂന്നു മാസവുമാണ് ഇതിൻറെ കാലാവധി. സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക്, ദോഹ ബാങ്ക്, റാക് ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ (യുകെ), കാനറ ബാങ്ക് ഗിഫ്റ്റ് സിറ്റി എന്നിവയാണ് ഈ ഇടപാടിൽ പങ്കാളികളായത്. സോഷ്യൽ ടേം ലോൺ രീതിയിലാണ് ഈ ഇടപാട്. ഇപ്പോഴത്തെ 75 ദശലക്ഷം ഡോളറിനു പുറമെ 25 ദശലക്ഷം ഡോളർ കൂടി സമാഹരിക്കാനുള്ള ഗ്രീൻഷൂ ഓപ്ഷനും മുത്തൂറ്റ് മൈക്രോഫിന്നിനുണ്ട്.

തങ്ങളുടെ മൈക്രോഫിനാൻസ് വായ്പകൾ കൂടുതൽ പ്രദേശങ്ങളിലേക്കു വിപുലീകരിക്കാൻ ഈ നീക്കം സഹായകമാകുമെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദഫ് സയീദ് പറഞ്ഞു.

# ദക്ഷിണാഫ്രിക്കയിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞു; 45 മരണം

**ജൊഹാനസ്ബർഗ് :** ദക്ഷിണാഫ്രിക്കയിലെ വടക്കുകിഴക്കൻ പ്രവിശ്യയായ ലിംപോപോയിൽ, 165 അടി താഴ്ചയുള്ള മലയിടുക്കിലേക്ക് ബസ് മറിഞ്ഞ് 45 പേർ മരിച്ചു. ബോട്സ്വാനയുടെ തലസ്ഥാനമായ ഗബോണിൽനിന്ന് ദക്ഷിണാഫ്രിക്കയിലെ മൊറിയ നഗരത്തിലേക്ക് പുറപ്പെട്ട ബസിൽ ആകെ 46 പേരാണ് ഉണ്ടായിരുന്നത്. അപകടത്തിൽ പെട്ട ബസിൽ ഉണ്ടായിരുന്ന 8 വയസ്സുകാരി മാത്രമാണ് രക്ഷപെട്ടത്.

പാലത്തിനു മുകളിൽ വച്ച് നിയന്ത്രണംനഷ്ടപ്പെട്ട ബസ് കൊക്കയിലേക്ക് മറിയുകയായിരുന്നു. പിന്നാലെ തീപടരുകയും ചെയ്തു. ഈസ്റ്റർ അനുബന്ധിച്ചുള്ള പ്രാർഥനയിൽ പങ്കെടുക്കാനായി എത്തിയവരാണ് അപകടത്തിൽ പെട്ടത്. പാലത്തിൻറെ കൈവരിയിൽ ഇടിച്ച് താഴേക്ക് പതിച്ച ബസ് നിലം തൊട്ടതോടെ തീ പടർന്നു. അവശിഷ്ടങ്ങൾക്കിടയിൽനിന്ന് മൃതദേഹങ്ങളെല്ലാം വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. ഗുരുതരമായി പരുക്കേറ്റ കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



വാർധക്യകാലത്തെ മാനസികാരോഗ്യപ്രശ്നങ്ങളെപ്പറ്റി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച ശിൽപശാല മെഡിക്കൽ സൂപ്രണ്ട് ഡോ.കെ.വി ബീന ഉദ്ഘാടനം ചെയ്യുന്നു.

# വാർധക്യകാലത്തെ ആരോഗ്യപ്രശ്നങ്ങളെപ്പറ്റി അമൃതയിൽ എൻഐഎസ്ഡിയുടെ ശിൽപശാല

**കൊച്ചി:** വയോജനങ്ങൾ മാനസികമായും ശാരീരികമായും നേരിടുന്ന ആരോഗ്യപ്രശ്നങ്ങളെപ്പറ്റി പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് (എൻഐഎസ്ഡി) അമൃത ആശുപത്രിയിൽ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു. അമൃത ആശുപത്രിയിലെ ജെറിയാട്രിക്സ് വിഭാഗത്തിന്റെയും നൈറ്റിംഗേൽസ് മെഡിക്കൽ ട്രസ്റ്റ്, ഡിമെൻഷ്യ ഇന്ത്യ അലയൻസ്, എന്നിവയുടെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. എറണാകുളം, കോട്ടയം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ നിന്നുള്ള ആശ വർക്കർമാർ, പാലിയേറ്റീവ് കെയർ നഴ്സുമാർ, വയോജന കേന്ദ്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, നാഷണൽ ഹെൽത്ത് മിഷൻ ഉദ്യോഗസ്ഥർ, വയോജനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നായി ഇരുനൂറോളം പേർ ശിൽപശാലയിൽ പങ്കെടുത്തു.

അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.വി ബീന ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. നൈറ്റിംഗേൽസ് മെഡിക്കൽ ട്രസ്റ്റ് സഹസ്ഥാപകൻ എസ് പ്രേംകുമാർ രാജ, ജെറിയാട്രിക്സ് വിഭാഗം മേധാവി ഡോ. പ്രിയ വിജയകുമാർ, സൈക്യാട്രി വിഭാഗം മേധാവി ഡോ.ബിന്ദു മേനോൻ, പാലിയേറ്റീവ് മെഡിസിൻ വിഭാഗം മേധാവി ഡോ.ശോഭ നായർ, അമൃത നഴ്സിങ് കോളേജിലെ പ്രൊഫസർ ഡോ. എം.സുനിൽ, ഡോ.ദിവ്യമോൾ ശശിധരൻ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വാർധക്യകാലത്തെ ഡിമെൻഷ്യ, ഡിപ്രഷൻ തുടങ്ങിയവയ്ക്കുള്ള പരിഹാരമാർഗങ്ങളെപ്പറ്റി വിദഗ്ധർ ക്ലാസുകളെടുത്തു. കോട്ടയം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം മേധാവി ഡോ.വർഗീസ് പുന്നൂസ്, അമൃത ആശുപത്രിയിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ.ആനന്ദ് കുമാർ, ഡോ.കാത്‌ലീൻ ആൻ മാത്യു, ഡോ.രഞ്ജന ഡോ. ടി.കെ ശോഭനാലക്ഷ്മി, ഡോ. സി.ടി സുധീർകുമാർ, ചിപ്പി സെബാസ്റ്റ്യൻ, ഡോ.ജെ.എസ് ആരതി, ഡോ.അരുൺ ഡേവിഡ് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.




# എസ്ബിഐ കാർഡ് ടൈറ്റൻ കമ്പനി ലിമിറ്റഡുമായി ചേർന്ന് ടൈറ്റൻ എസ്ബിഐ കാർഡ് പുറത്തിറക്കി

**ന്യൂഡൽഹി:** പ്യുവർപ്ലേ ക്രെഡിറ്റ് കാർഡ് വിതരണക്കാരായ എസ്ബിഐ കാർഡ്, ആഭരണങ്ങൾ, വാച്ചുകൾ, കണ്ണടകൾ, എത്നിക് വെയർ വിഭാഗങ്ങളിലെ പ്രമുഖരായ ടൈറ്റൻ കമ്പനി ലിമിറ്റഡുമായി സഹകരിച്ച് ഇന്ന് ടൈറ്റൻ എസ്ബിഐ കാർഡ് പുറത്തിറക്കി. ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ ഷോപ്പിംഗ് ക്രെഡിറ്റ് കാർഡ്.

ടൈറ്റൻ എസ്ബിഐ കാർഡ് വിവിധ ജീവിതശൈലി വിഭാഗങ്ങളിലുടനീളം ചെലവിടുന്നതിന് വിവിധ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. ക്യാഷ്ബാക്ക്, ടൈറ്റൻ ഗിഫ്റ്റ് വൗച്ചറുകൾ, റിവാർഡ് പോയിന്റുകൾ എന്നിവ ഉൾപ്പെടുന്ന ഫീച്ചറുകൾക്കൊപ്പം, കാർഡ് ഉടമകൾക്ക് പ്രതിവർഷം 2,00,000 രൂപയിലധികം മൂല്യമുള്ള പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കും.

എസ്ബിഐ കാർഡ് വെബ്സൈറ്റ് https://www.sbicard.com/ അല്ലെങ്കിൽ ടൈറ്റൻ സ്റ്റോറുകൾ സന്ദർശിച്ച് എസ്ബിഐ കാർഡ് സ്പ്രിന്റ് വഴി പൂർണമായും ഡിജിറ്റൽ രീതിയിൽ കാർഡിനായി എൻറോൾ ചെയ്യാം. ചേരുന്നതിനും വാർഷിക പുതുക്കലിനുമുള്ള ഫീസ് 2,999 രൂപയും നികുതികളും ആണ്.




# ശിവഗിരി: ശ്രീനാരായണ ധർമ്മമീമാംസാപരിഷത്ത്നാടാകെ പരിഷത്തുകൾക്ക് തുടക്കം കുറിച്ചു

**ശിവഗിരി:** ശ്രീനാരായണഗുരുദേവൻ ശിവഗിരിയിൽ ശാരദാദേവിയെ പ്രതിഷ്ഠിച്ചതിൻറെ വാർഷികം വിജ്ഞാന പ്രദമായ ശ്രീനാരായണധർമ്മമീമാംസ പഠന ശിബിരമായി ഏപ്രിൽ 21, 22, 23 തീയതികളിൽ ശിവഗിരിയിൽ നടക്കും.

ധർമ്മമീമാംസാ പരിഷത്തിൽ ഗുരുദേവ കൃതികളും മറ്റ് ആധ്യാത്മിക വിഷയങ്ങളും അധികരിച്ച് ശിവഗിരിയിലെ സംന്യാസിമാരും മറ്റ് പ്രമുഖ പണ്ഡിതന്മാരും പഠന ക്ലാസ്സുകൾ നയിക്കും. ശിവഗിരി പരിഷത്തിൻറെ മുന്നോടിയായി സംസ്ഥാനത്തിനകത്തും പുറത്തും ഗുരുധർമ്മപ്രചരണ സഭയുടെ ആഭിമുഖ്യത്തിൽ പരിഷത്തുകൾ ഉണ്ടാകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, ഇടുക്കി തുടങ്ങിയ ജില്ലകളിൽ സഭ ജില്ലാ മണ്ഡലം യൂണിറ്റ് കമ്മിറ്റികളുടെ പരിഷത്തുകൾക്ക് തുടക്കം കുറിച്ചു. മറ്റുജില്ലകളിലും തീയതികൾ നിശ്ചയിച്ചിട്ടുണ്ട്. സംന്യാസിശ്രേഷ്ഠരും മറ്റ് പ്രമുഖരുമാണ് ജില്ലകളിലും ക്ലാസ്സുകൾ നയിക്കുന്നത്. ശിവഗിരിയിലെ പരിഷത്ത്, ദിവസവും രാവിലെ മുതൽ രാത്രി വരെ നീളും. ജാതിമതഭേദമെന്യേ ഏവർക്കും പങ്കെടുക്കാനാവുമെന്ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്ററ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ ഗുരുധർമ്മപ്രചരണ സഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി എന്നിവർ അറിയിച്ചു. വിവരങ്ങൾക്ക് : 9048455332